**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 174** **05-12-2022 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലാ ആശുപത്രിയിൽ അർബുദ ചികിത്സാ സൗകര്യം ഒരുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളേയും അർബുദ ചികിത്സാ കേന്ദ്രമാക്കി സജ്ജമാക്കുക എന്ന തീരുമാന പ്രകാരം പാലക്കാട് ജില്ലാ ആശുപത്രിയിൽ ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചു വരുന്നു ;വിശദമാക്കുമോ; | (എ) | **പാലക്കാട് ജില്ലാ ആശുപത്രിയിൽ അർബുദ ചികിത്സാ വിഭാഗം പ്രവർത്തിച്ചു വരുന്നുണ്ട്. ക്യാൻസർ ഒ.പി ആഴ്ചയിൽ 2 ദിവസം നടത്തുന്നുണ്ട്. രണ്ട് ക്യാൻസർ സ്പെഷ്യലിസ്റ്റുകളുടെ സേവനം ജില്ലാ ആശുപത്രിയിൽ നിലവിൽ ഉണ്ട്. ക്യാൻസർ കീമോതെറാപ്പി വാർഡിൽ ദിവസേന 15-20 കീമോതെറാപ്പി നൽകാറുണ്ട്. ക്യാൻസർ രോഗികൾക്കായി കിടത്തി ചികിത്സയ്ക്ക് 12 ബെഡുകൾ ഉള്ള വാർഡും പ്രവർത്തിച്ചു വരുന്നു. ക്യാൻസർ രോഗം നേരത്തെ കണ്ടെത്തുന്നതിന്റെ ഭാഗമായി വദനാർബുദം, സ്തനാർബുദം, ഗർഭാശയഗളാർബുദം എന്നീ രോഗങ്ങൾക്കുള്ള സ്ക്രീനിംഗ് ക്യാമ്പുകൾ ജില്ലയിൽ ഉടനീളം സംഘടിപ്പിക്കുകയും രോഗം കണ്ടെത്തുന്നവരെ സ്ഥിരീകരണത്തിന് ശേഷം ചികിത്സയ്ക്കായി റഫർ ചെയ്യുകയും ചെയ്യുന്നു. ജനങ്ങളിൽ ക്യാൻസർ അവബോധം വർദ്ധിപ്പിക്കുന്നതിന് ക്യാൻസർ വിദഗ്ധരുടെ സഹായത്തോടുകൂടി ബോധവൽക്കരണ ക്ലാസ്സുകൾ നൽകി വരുന്നു. കീമോതെറാപ്പി സ്വീകരിക്കുന്ന സ്ത്രീകൾക്കായി ഹെയർ ഡൊണേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കാറുണ്ട്.** |
| (ബി) | പാലക്കാട് ജില്ലാ ആശുപത്രിയിൽ വനിതകൾക്ക് ഇതിനായി എത്ര തുക ചെലവഴിച്ചു; വിശദമാക്കുമോ; | (ബി) | സ്ത്രീകൾക്കായി മാത്രം പ്രത്യേക തുക ചെലവഴിച്ചിട്ടില്ല. അതിനായി പ്രത്യേക ഫണ്ട് അനുവദിച്ചിട്ടില്ല. സ്ത്രീ, പുരുഷൻ, കുട്ടികൾ എന്നിവർക്കായി പൊതുവായാണ് തുക അനുവദിക്കുന്നത്. |
| (സി) | സംസ്ഥാനത്ത് ആകെ 22 ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ യൂണിറ്റുകൾ ഉണ്ടെന്നിരിക്കെ പാലക്കാട് ജില്ലയിലെ സ്ഥാപനത്തിൽ 2021-22 കാലയളവിൽ ഈ യൂണിറ്റ് ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വിശദമാക്കുമോ? | (സി) | 1. പുതുതായി നിർമ്മിച്ച PMR വാർഡിൽ രോഗികൾക്ക് കിടത്തി ചികിത്സ ആരംഭിച്ചു.<br><br>2. DLFC യൂണിറ്റിൽ Ampute Modular Prosthesis (Artificial Limb) നിർമ്മിച്ചു നൽകുവാൻ തുടങ്ങി.<br><br>3. ഹീമോഫീലിയ രോഗികൾക്കു വേണ്ടി ഒരു അഡീഷണൽ ഫിസിയോതെറാപിസ്റ്റിന്റെ സേവനം |

| | | | |
|---|---|---|---|
| | | | കൂടി ലഭ്യമാക്കിയിട്ടുണ്ട്.<br><br>4. 21 F7 Unit (Equipments) NHM വഴി ലഭ്യമാക്കിയിട്ടുണ്ട്.<br><br>5. PMR Spaecialist ന്റെ സേവനവും, ജൂൺ 2022 മുതൽ ഒരു ജൂനിയർ കൺസൽട്ടന്റിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ